**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3730** **09-10-2025 - ൽ മറുപടിയ്ക്ക്**

**കോങ്ങാട് മണ്ഡലത്തിലെ ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ശാന്തകുമാരി കെ.** | | **ഡോ. ആർ. ബിന്ദു**<br>**(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോങ്ങാട് മണ്ഡലത്തിൽ ഉന്നതവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശവും പുരോഗതി വിവരവും ലഭ്യമാക്കാമോ? | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോങ്ങാട് മണ്ഡലത്തിൽ കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള പത്തിരിപ്പാല ഗവൺമെന്റ് കോളേജിൽ നടത്തിയ പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br><br>2022-23 :- (പദ്ധതി വിഹിതം)<br><br>i) ഗ്രീൻ ക്യാമ്പസ് പദ്ധതിയിൽ ഉൾപ്പെടുത്തി ₹18,04,000/- (പതിനെട്ടു ലക്ഷത്തി നാലായിരം രൂപ മാത്രം) ഓൺഗ്രിഡ് സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിനായി അനുവദിക്കുകയും പാലക്കാട് അനെർട്ട് എന്ന സ്ഥാപനം മുഖേന 20 KV ഓൺഗ്രിഡ് സോളാർ സിസ്റ്റം സ്ഥാപിക്കുകയും ചെയ്തു.<br><br>ii) കോളേജ് കാന്റീൻ നവീകരണ പ്രവൃത്തിക്കും, കോ-ഓപ്പറേറ്റീവ് സ്റ്റോറിനായും പോസ്റ്റ് ഓഫീസ് കെട്ടിടത്തിനായും 69,70,000/- (അറുപത്തൊമ്പതു ലക്ഷത്തി എഴുപതിനായിരം) രൂപയുടെ ഭരണാനുമതി നൽകി. പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ സ്റ്റേറ്റ് നിർമ്മിതി കേന്ദ്ര മുഖാന്തരം നടന്നു വരികയാണ്.<br><br>iii) കോളേജിൽ Renovation of 'L' Shape building and truss പ്രവൃത്തിക്കായി 33,50,000/-രൂപയുടേയും Renovation of administration block and truss work in Old academic block പ്രവൃത്തിക്കായി 17,60,000/- രൂപയുടേയും ഭരണാനുമതി നൽകുകയും സ്റ്റേറ്റ് നിർമിതി കേന്ദ്ര മുഖേന പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>2023-24 :- (പദ്ധതി വിഹിതം)<br><br>i) പദ്ധതി പ്രവർത്തനങ്ങൾക്കായി 44,37,852/- രൂപ (നാല്പത്തിനാല് ലക്ഷത്തി മുപ്പത്തേഴായിരത്തി എണ്ണൂറ്റി അൻപത്തിരണ്ട് രൂപ മാത്രം) അനുവദിക്കുകയും അത് |

| | | | |
|---|---|---|---|
| | | | വിനിയോഗിച്ച് കോളേജിലെ പ്രിൻസിപ്പൽ റൂം, പുതിയ ബ്ലോക്കിലെ വരാന്തകൾ, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, പഴയ അക്കാദമിക് ബ്ലോക്ക്, ഓപ്പൺ ഓഡിറ്റോറിയം, L ഷേപ്പ് ബിൽഡിംഗ് എന്നിവിടങ്ങളിൽ CCTV & PA system സ്ഥാപിക്കുകയും കോളേജിനാവശ്യമായ ലാപ്ടോപ്പ്, സ്കാനർ മുതലായവ വാങ്ങിക്കുകയും ചെയ്തിട്ടുണ്ട്.<br><br>ii) 2023-24 സാമ്പത്തിക വർഷത്തിൽ അക്കാദമിക് ബ്ലോക്ക് നിർമ്മിക്കുന്നതിനായി 13,56,28,769/- രൂപയുടെ പദ്ധതി KIIFB ഫണ്ടിൽ ഉൾപ്പെടുത്തി നിർവ്വഹിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. നിർവഹണ ഏജൻസിയായ KITCO പ്രസ്തുത സ്ഥലം ക്ലിയർ ചെയ്തു ഹാൻഡ് ഓവർ ചെയ്യുന്നതിനായി നിർദ്ദേശിക്കുകയും ആയത് പ്രകാരം നിർമ്മാണ പ്രവർത്തനങ്ങൾക്ക് സ്ഥലം സജ്ജമാക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല.<br><br>Iii) കോളേജിന്റെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മാണത്തിനായി 3,99,00,000/- രൂപയുടെ ഭരണാനുമതി നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ PWD യുടെ നിർദ്ദേശപ്രകാരം കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്ക് സ്ഥലം സജ്ജമാക്കുകയും ചെയ്തിട്ടുണ്ട്. ഫണ്ട് റിലീസ് ചെയ്യുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ